നീലേശ്വരത്ത് നിലേശ്വരം റെയ്ഞ്ചാഫീസിനും, ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിനും പൊതുമരാമത്ത് വകുപ്പിന്റെ 14-7-2009-ലെ ജി.ഒ. (ആർ.ടി) നമ്പർ 1048/2009/പൊ.മ.വ. ഉത്തരവ് പ്രകാരം 270 ലക്ഷം രൂപയ്ക്ക് കെട്ടിട നിർമ്മാണത്തിന് ഉത്തരവായിട്ടുള്ളതും ടി കെട്ടിടങ്ങളുടെയെല്ലാം നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതുമാണ്.

(ബി) കാസർഗോഡ് ജില്ലയിൽ ബദിയഡുക്ക റെയ്ഞ്ചാഫീസ്, ബന്തടുക്ക റെയ്ഞ്ചാഫീസ്, ആദൂർ, പെർള താൽക്കാലിക ചെക്ക് പോസ്റ്റുകൾ എന്നിവയാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ബദിയഡുക്ക റെയ്ഞ്ചാഫീസിന് പ്രതിമാസം 9114 രൂപയും, ബന്തടുക്ക റെയ്ഞ്ചാഫീസിന് 5428 രൂപയും ആദൂർ താൽക്കാലിക ചെക്ക് പോസ്റ്റിന് 1000 രൂപയും പെർള താൽക്കാലിക ചെക്ക് പോസ്റ്റിന് 1197 രൂപയുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത്.

(സി) ഉണ്ട്. കാസർഗോഡ് ജില്ലയിൽ കാസർഗോഡ് എക്സൈസ് കോംപ്ലക്സ്, ബദിയഡുക്കയിൽ ബദിയഡുക്ക റെയ്ഞ്ചാഫീസ് എന്നിവ നിർമ്മിക്കുന്നതിനുള്ള ഉദ്ദേശത്തോടെ SOR 2014 പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് കാസർഗോഡ് പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബന്തടുക്ക റെയ്ഞ്ചാഫീസിന് കെട്ടിട നിർമ്മാണത്തിനായി 20-7-2013-ലെ സ.ഉ (സാധാ) നമ്പർ 569/13/നി.വ. ഉത്തരവ് പ്രകാരം 78 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്.

ബിവറേജസ് കോർപ്പറേഷൻ

165 (173) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷൻ വക എത്ര ഔട്ട്ലറ്റുകൾ നിലവിലുണ്ട് ; ഇതിൽ ഏറ്റവുംകൂടുതൽ വിറ്റുവരവുള്ള വില്പനകേന്ദ്രം ഏതെന്ന് വ്യക്തമാക്കാമോ ;

(ബി) ബിവറേജസ് കോർപ്പറേഷൻവഴി പ്രതിമാസം സംസ്ഥാനത്ത് എത്ര കോടി രൂപയുടെ വിറ്റുവരവാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാർ നയം അനുസരിച്ച് എത്ര ഔട്ട്ലെറ്റുകൾ നിർത്തലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷൻ വക 270 ഔട്ട് ലെറ്റുകൾ ഇപ്പോൾ നിലവിലുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ വിറ്റുവരവുള്ള കേന്ദ്രം പെരിന്തൽമണ്ണ വെയർ ഹൗസിന്റെ കീഴിലുള്ള എഫ്.എൽ.1-10010 മഞ്ചേരി ഷോപ്പാണ്.

(ബി) ബിവറേജസ് കോർപ്പറേഷൻ വഴി പ്രതിമാസം ശരാശരി 961 കോടി രൂപയുടെ വിറ്റുവരവാണ് ഉള്ളത്.

(സി) സർക്കാർ നയം അനുസരിച്ച് ഇതുവരെ ബിവറേജസ് കോർപ്പറേഷന്റെ 68 ഔട്ട് ലെറ്റുകളും, കൺസ്യൂമർ ഫെഡിന്റെ 10 ഔട്ട് ലെറ്റുകളും നിർത്തലാക്കിയിട്ടുണ്ട്. ഇപ്പോൾ ബിവറേജസ് കോർപ്പറേഷന്റെ 270 ഔട്ട് ലെറ്റുകളും, കൺസ്യൂമർ ഫെഡിന്റെ 36 ഔട്ട് ലെറ്റുകളുമാണ് നിലവിലുള്ളത്.

വിദേശമദ്യ ചില്ലറ വിൽപ്പന ശാലകൾ

166 (174) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബീവറേജസ് കോർപ്പറേഷനും കൺസ്യൂമർഫെഡിനുമായി ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര വിദേശമദ്യ ചില്ലറ വിൽപ്പന ശാലകൾ ഉണ്ടായിരുന്നു; നിലവിലെത്രയുണ്ട് ;

(ബി) തീരുമാനമനുസരിച്ച് പ്രതിവർഷം അടച്ചുപൂട്ടേണ്ടത് എത്ര ശതമാനം വീതമായിരുന്നു; ഇതിനകം എത്ര ശതമാനം അടച്ചുപൂട്ടി ; 2014 ഒക്ടോബർ രണ്ടിന് പൂട്ടിയവ എത്ര ; 2016 ഒക്ടോബർ രണ്ടിന് പൂട്ടേണ്ടവ എത്ര; അവ ഏതൊക്കെ ;

(സി) ദേശീയപാതയോരത്ത് പ്രവർത്തിക്കുന്ന ചില്ലറ വിദേശമദ്യവിൽപ്പന ശാലകൾ എത്ര ; അവയിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം മാറ്റിയവ എത്ര ;

(ഡി) ചില്ലറ വിൽപ്പന ശാലകൾ പൂട്ടുന്നതിനിടയിൽ ബീവറേജസ് കോർപ്പറേഷൻ പുതുതായി ആരംഭിച്ച വെയർ ഹൗസ് ഏതൊക്കെയാണ് ;

(ഇ) ബാറുകളും ചില്ലറ വിൽപ്പന ശാലകളും അടച്ചുപൂട്ടിയതുവഴി ആകെ എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു ?